

ഗാന്ധിജി സ്റ്റഡി സെന്ററിന്റെ നേതൃത്വത്തിൽ നടത്തിയ തെങ്ങുകയറ്റ പരിശീലന പരിപാടിയുടെ സമാപനത്തോട് അനുബന്ധിച്ച് സംഘടിപ്പിച്ച കോക്കനട്ട് ഒളിമ്പിക്സ്.

# കോക്കനട്ട് ഒളിംപിക്സ്: ടി.എസ്. മാത്യു ഒന്നാം സമ്മാനവുമായി തെങ്ങിൻമുകളിൽ

തൊടുപുഴ ● ആവേശം തെങ്ങിൻതലപ്പുകടന്ന് മാനംമുട്ടെ ഉയർന്നു. തെങ്ങുകയറ്റ യന്ത്രത്തിൽ മുറുകെപ്പിടിച്ച് മത്സരാർഥികൾ കുതിച്ചുപൊങ്ങിയ കോക്കനട്ട് ഒളിംപിക്സിൽ കോടിക്കുളം സ്വദേശി ടി.എസ്. മാത്യു (45) ജേതാവായി. 25 അടി ഉയരമുള്ള തെങ്ങിന്റെ മുകളിലേക്ക് 50 സെക്കൻഡുകൊണ്ടാണ് മാത്യു കുതിച്ചുകയറിയത്.

കേന്ദ്ര നാളികേര വികസന ബോർഡ് ഗാന്ധിജി സ്റ്റഡിസെന്ററിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച തെങ്ങുകയറ്റ പരിശീലന പരിപാടിയുടെ സമാപനത്തിലാണ് ഒളമറ്റം മാരിയിൽകലുങ്കിൽ ഇന്നലെ പത്തുമണിയോടെ കോക്കനട്ട് ഒളിംപിക്സ് സംഘടിപ്പിച്ചത്.

25പേർ പങ്കെടുത്ത മത്സരത്തിൽ കുറഞ്ഞസമയം രേഖപ്പെടുത്തി തെങ്ങുകയറിയ അഞ്ചുപേരെ ആദ്യം തിരഞ്ഞെടുത്തു. തുടർന്ന് വീണ്ടും മത്സരംനടത്തിയാണ് വിജയികളെ നിശ്ചയിച്ചത്. കഞ്ഞിക്കുഴി പഴയരിക്കണ്ടം ബിജുജോസഫ്, അടിമാലി സ്വദേശി കുഞ്ഞുമോൻ എന്നിവർ രണ്ടും മൂന്നും സ്ഥാനംനേടി.

ഗാന്ധിജി സ്റ്റഡിസെന്റർ പരിശീലിപ്പിച്ച ഏഴാമത് ബാച്ചിന്റെ പരിശീലനസമാപനമാണ് ഇന്നലെ നടന്നത്. ഈവർഷത്തെ ആദ്യ ബാച്ചും ഇതായിരുന്നു. ഡയറി ഡിപ്പാർട്ട്മെന്റിൽ ജൂനിയർ സൂപ്രണ്ടായി വിരമിച്ച എൻ.വി. ജോസഫ് (63) മുതൽ ഏറ്റവും ജൂനിയറായ ഉഴവൂർ സ്വദേശി കെ.ആർ. മനു (31)വരെ ആറുദിവസം പരിശീലനത്തിൽ പങ്കെടുത്തു.

എക്സൈസ് തൊടുപുഴ ഡിവിഷൻ ഓഫിസിലെ ജോബി പി. ചാക്കോയും പരിശീലന പരിപാടിയിൽ പങ്കാളിയായി. ഗാന്ധിജി സ്റ്റഡിസെന്റർ ആറു ബാച്ചിലായി 164 പേർക്കാണ് ഇതുവരെ തെങ്ങുകയറ്റത്തിൽ തീവ്രപരിശീലനം നൽകിയത്. ഇതിൽ 23 പേർ വനിതകളാണ്. പരിശീലനത്തിൽ പങ്കെടുത്തവർക്ക് സ്റ്റൈപ്പെൻഡിനു പുറമേ തെങ്ങുകയറ്റ യന്ത്രം സൗജന്യമായി നൽകി. പ്രോജക്ട് അഡ്വൈസർ വി.ജെ. ജോർജിന്റെ നേതൃത്വത്തിലായിരുന്നു പരിശീലനം.